LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനം

169(2370) ശ്രീ. വി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും എല്ലാ സ്ഥിര നിയമനവും പി.എസ്.സി. വഴിയാക്കണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സ്ഥിരനിയമനം സംബന്ധിച്ച് ഈ വകുപ്പിൽ ലഭ്യമായ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖല, അർദ്ധസർക്കാർ, സ്വയംഭരണ സ്ഥാപനങ്ങളിലെ വർക്കർ തസ്തികയും ഐ.സി.ഡബ്ല്യു.എ/കമ്പനി സെക്രട്ടറിഷിപ്പ് തുടങ്ങിയ പ്രൊഫഷണൽ യോഗ്യതകൾ വേണ്ട ഉയർന്ന തസ്തികകളും പ്രൊമോഷൻ മുഖാന്തിരം നികത്തുന്ന തസ്തികകളുമൊഴികെ നേരിട്ട് നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള മറ്റെല്ലാ തസ്തികകളിലെയും നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന് 27-2-2006-ലെ 5367/എച്ച്1/2006/വ്യവ. കത്തുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വർക്കർ തസ്തികകളിലേയ്ക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സംവരണ നിയമങ്ങൾ പാലിച്ചുമാത്രമെ നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ

170(2372) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന എത്ര പൊതുമേഖല സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. സ്ഥാപനങ്ങൾ ഏതെല്ലാം;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം തന്നെ ഈ സർക്കാരിന്റെ കാലത്തും ലാഭത്തിലാണോ പ്രവൃത്തിക്കുന്നത്;

(ഡി) ഇല്ലെങ്കിൽ എത്ര സ്ഥാപനങ്ങളാണ് നഷ്ടത്തിലായത്; അവ ഏതൊക്കെ; കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15-ലെ ആഡിറ്റിനുമുമ്പുള്ള കണക്കുകൾ പ്രകാരം 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു*.

(ബി-ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു*. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2010-11) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്. ഈ സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന (11 എണ്ണം) സ്ഥാപനങ്ങളാണ് 2014-15 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചത്.

1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
2. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
3. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
4. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
5. കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
6. സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്
7. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
8. ഹാന്റക്സ്
9. ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

10. ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

11. കെൽപാം

ചൈന മുതലായ വിദേശരാജ്യങ്ങളിൽനിന്നുള്ള ടെറ്റാനിയം ഡയോക്സൈഡിന്റെ അനാരോഗ്യകരമായ ഇറക്കുമതി കെ.എം.എം.എൽ., റ്റി.റ്റി.പി. എന്നീ കമ്പനികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. എൻ.ടി.പി.സി.യുമായുള്ള കരാർ പ്രകാരം വിഭാവനം ചെയ്തിരുന്ന വികസനപദ്ധതികൾ പൂർണ്ണതോതിൽ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ടെൽക്കിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. വ്യവസായ മേഖലയിലുണ്ടായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ ഉണ്ടായിട്ടുള്ള വിലതകർച്ചയും മാന്ദ്യവും ആ മേഖലയിലുള്ള സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉൽപ്പാദന ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം.

ചേർത്തല ആട്ടോകാസ്റ്റ്

171(2373) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ചേർത്തല ആട്ടോകാസ്റ്റിൽ എത്ര പുതിയ നിയമനങ്ങൾ നടന്നു ; പ്രസ്തുത കാലയളവിൽ ഉണ്ടായ ഉത്പാദന വർദ്ധനവും വരുമാന വർദ്ധനവും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly